Circular No. 174
**അതിരൂപതാ ദിനം 2015**

Catholic Metropolitan's House
P.B. No. 71, Kottayam
Kerala, India-686001

പ്രിയ ബഹു. അച്ചാ,

Date: 06-08-2015

ക്നാനായ ജനതയുടെ സഭാധിഷ്ഠിതമായ വിശ്വാസ ജീവിതയാത്രയിൽ ദൈവം നൽകിയ വലിയ അനുഗ്രഹവും സഭയുടെ അംഗീകാരവുമായിട്ടാണല്ലോ 1911 ആഗസ്റ്റ് 29ന് 'ഇൻ യൂണിവേഴ്സി ക്രിസ്ത്യാനി' എന്ന തിരുവെഴുത്തു വഴി തെക്കുംഭാഗ കത്തോലിക്കർക്ക് മാത്രമായി കോട്ടയം വികാരിയാത്ത് വിശുദ്ധ പത്താം പിയൂസ് മാർപ്പാപ്പയാൽ സ്ഥാപിതമായത്.

ദൈവം തനിക്കിഷ്ടമുള്ളവരെ തെരഞ്ഞെടുക്കുകയും ദൈവരാജ്യ സ്ഥാപനത്തിൽ പ്രത്യേകമാംവിധം പങ്കാളികളാക്കുകയും ചെയ്യുന്നു. നാലാം നൂറ്റാണ്ടിൽ സെലൂഷ്യ-സ്റ്റെസിഫോണിലെ സഭാതലവനായിരുന്ന കാതോലിക്കോസിന്റെ അനുഗ്രഹാശീർവ്വാദങ്ങളോടെ ഉറഹാ മാർ യൗസേപ്പിന്റെയും ക്നായിതോമ്മായുടെയും നേതൃത്വത്തിൽ ഭാരതത്തിലേക്ക് അയയ്ക്കപ്പെട്ട ക്നാനായ സമൂഹം അന്നുമുതൽ ഒരു മെത്രാന്റെ ആദ്ധ്യാത്മിക നേതൃത്വത്തിൽ പൂർണ്ണമായ ഒരു സഭാഘടകമായിട്ടാണ് ഇവിടെ ജീവിച്ചതും പ്രവർത്തിച്ചതും. 16-ാം നൂറ്റാണ്ടിനുശേഷം ക്നാനായക്കാർക്ക് സ്വന്തം മെത്രാന്മാരെ നിയമിക്കുന്നതിൽ ചില തടസ്സങ്ങൾ ഉണ്ടായെങ്കിലും സമുദായത്തിലെ വൈദികരുടേയും ശക്തമായ അൽമായ നേതൃത്വത്തിന്റെയും പിൻബലത്തിൽ സഭയോടുള്ള വിശ്വസ്തതയിലും സാമുദായിക പൈതൃകത്തിലും ഉറച്ചു നിന്ന ഈ സമുദായത്തിന്റെ സഭാത്മക അസ്തിത്വത്തെ അംഗീകരിച്ചുകൊണ്ട് 1911 ൽ സാർവ്വത്രിക സഭ ക്നാനായ സമുദായത്തെ ഒരു പ്രത്യേക രൂപതയായി ഉയർത്തുകയാണ് ചെയ്തത്. വിശ്വാസ നിറവിൽ തനിമയിലും ഒരുമയിലും ജീവിച്ചുകൊണ്ട് അതിരൂപതയുടെ അതിർത്തികൾക്കപ്പുറത്തേക്ക് വ്യാപിച്ചു കൊണ്ടിരിക്കുന്ന ഈ സമുദായം അയയ്ക്കപ്പെടുന്ന സ്ഥലങ്ങളിലെല്ലാം തങ്ങളുടെ പൈതൃകം കാത്തുസൂക്ഷിച്ചുകൊണ്ട് സഭയെ ശക്തിപ്പെടുത്തുന്നതിൽ ബദ്ധശ്രദ്ധയാണ്.

രൂപതാ സ്ഥാപനത്തിലൂടെ ക്നാനായ സമുദായത്തിനുണ്ടായ അത്ഭുതാവഹമായ വളർച്ചയെ കൃതജ്ഞതാപൂർവ്വം അനുസ്മരിച്ചുകൊണ്ട് കഴിഞ്ഞ ഏതാനും വർഷങ്ങളായി നമ്മുടെ സമുദായ സംഘടനയായ ക്നാനായ കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ ആഘോഷിച്ചു വന്നിരുന്ന രൂപതാ ദിനം അതിരൂപതാ തലത്തിൽ തന്നെ ആഘോഷിക്കണമെന്ന് കഴിഞ്ഞ അതിരൂപതാ അസംബ്ലി നിർദ്ദേശിക്കുകയുണ്ടായി. ഈ നിർദ്ദേശം നമ്മുടെ അതിരൂപതാ വൈദിക സമിതിയിലും പാസ്റ്ററൽ കൗൺസിലിലും പരിഗണിക്കുകയും ഈ വർഷം മുതൽ ആഗസ്റ്റ് മാസം 29 നോ അതിനോടടുത്ത സൗകര്യപ്രദമായ ദിനത്തിലോ അതിരൂപതാ തലത്തിൽ ഈ ദിനം ആചരിക്കണമെന്നു നാം തീരുമാനിക്കുകയും ഉണ്ടായി. അതിന്റെ വെളിച്ചത്തിൽ ഈ വർഷം ആഗസ്റ്റ് മാസം 29-ാം തീയതി ശനിയാഴ്ച തൂവാനിസയിൽ വച്ച് നാം അതിരൂപതാ ദിനമായി ആഘോഷിക്കുന്നതാണ്. അതിനൊരുക്കമായി ആഗസ്റ്റ് മാസം 23-ാം തീയതി ഞായറാഴ്ച ക്നാനായ കത്തോലിക്കാ കോൺഗ്രസ്സിന്റെ ആഭിമുഖ്യത്തിൽ പതാകദിനമായി ആചരിക്കുകയും അതിന്റെ ഭാഗമായി അന്നേദിവസം വി. കുർബ്ബാനയ്ക്കു ശേഷം നമ്മുടെ എല്ലാ ഇടവകകളിലും അതിരൂപതാ പതാക ഉയർത്തുകയും ചെയ്യണം.

രൂപതാസ്ഥാപകദിനമായ 29-ാം തീയതി ശനിയാഴ്ച നമ്മുടെ തലപ്പള്ളിയായ കടുത്തുരുത്തി വലിയ പള്ളിയിൽ നിന്നും അതിരൂപതയുടെ യുവജനസംഘടനയായ കെ.സി.വൈ.എൽ നയിക്കുന്ന പതാക പ്രയാണം ഉച്ചകഴിഞ്ഞ് 2 മണിക്ക് തൂവാനിസയിലെത്തിച്ചേരും. തുടർന്ന് സമൂഹബലിയും പൊതുസമ്മേളനവും നടത്തപ്പെടുന്നതാണ്.

നമ്മുടെ അതിരൂപതയുടെ എല്ലാ ഭാഗത്തുനിന്നുമുള്ള പങ്കാളിത്തം രൂപതാ സ്ഥാപകദിനത്തിൽ ഉണ്ടാകണം. മദ്ധ്യതിരുവിതാംകൂറിലെ എല്ലാ ഇടവകകളിൽ നിന്നും ഇടവക ജനങ്ങളെ പ്രതിനിധീകരിച്ച് മുഴുവൻ പാരീഷ് കൗൺസിൽ അംഗങ്ങളും ഇടവക വികാരിയുടെ നേതൃത്വത്തിൽ ആഘോഷങ്ങളിൽ പങ്കെടുക്കണം. മലബാർ തുടങ്ങിയ അകലെയുള്ള പ്രദേശങ്ങളിൽ നിന്നും സാധിക്കുന്നത്ര പ്രതിനിധികളുടെ സാന്നിദ്ധ്യം പ്രതീക്ഷിക്കുന്നു.

ആഗസ്റ്റ് മാസം 29-ാം തീയതി തൂവാനിസയിൽ എത്തിച്ചേരാൻ സാധിക്കാതെ നമ്മുടെ അതിരൂപതക്കുള്ളിലും ലോകത്തിന്റെ നാനാഭാഗങ്ങളിലും വസിക്കുന്ന എല്ലാ ക്നാനായ മക്കൾക്കും ആത്മീയമായിട്ടെങ്കിലും ഈ ദിനാഘോഷത്തിൽ പങ്കുചേരുവാനും ക്നാനായ കൂട്ടായ്മ ആസ്വദിക്കുവാനും സാധിക്കട്ടെ. വിവിധങ്ങളായ പ്രതിസന്ധി ഘട്ടങ്ങളെ ദൈവത്തിൽ ആശ്രയിച്ച് അതിജീവിക്കുകയും കടന്നു പോന്ന വഴികളിലെല്ലാം വിശ്വാസദീപം തെളിയിച്ച് സഭയ്ക്ക് ശക്തിപകരുകയും ചെയ്ത നമ്മുടെ പിതാക്കന്മാരേയും വൈദികരേയും അൽമായരേയും നമുക്ക് ഈ അവസരത്തിൽ നന്ദിയോടെ അനുസ്മരിക്കാം. അവർ നൽകിയ ധീരമായ മാതൃക ആധുനിക ലോകത്തിൽ ക്നാനായ സമുദായം അഭിമുഖീകരിക്കുന്ന വെല്ലുവിളികളെ ധൈര്യപൂർവ്വം നേരിടുവാനും വിശ്വാസ നിറവിൽ വളർന്ന് തനിമയിലും ഒരുമയിലും കൂടുതൽ കരുത്തോടെ മുന്നേറുവാനും ആഗതമാകുന്ന അതിരൂപതാ ദിനാചരണം നമുക്ക് ശക്തി പകരട്ടെ എന്നു പ്രാർത്ഥിച്ചുകൊണ്ട്,

സ്നേഹപൂർവ്വം

✠ **മാർ മാത്യു മൂലക്കാട്ട്**

കോട്ടയം അതിരൂപതയുടെ മെത്രാപ്പോലീത്ത

---

NB: ഈ സർക്കുലർ ഓഗസ്റ്റ് 16-ാം തീയതി ഞായറാഴ്ച നമ്മുടെ എല്ലാ ഇടവക ദേവാലയങ്ങളിലും സ്ഥാപനങ്ങളിലും വായിച്ചറിയിക്കേണ്ടതാണ്.